LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം

186 [1714] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കോർപ്പറേഷൻ എന്തെല്ലാം പുതിയ വികസന പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) സർക്കാരിന്റെ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധനയിൽ കണ്ടെത്തിയ കോർപ്പറേഷൻ പ്രവർത്തനങ്ങളിലെ ന്യൂനതകൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കുമോ ;

(ഡി) കോർപ്പറേഷൻ ക്രമവിരുദ്ധമായി വായ്പകളും ഗ്രാന്റും അനുവദിച്ചതായുള്ള എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാന [redacted]ക്കവിഭാഗ വികസന കോർപ്പറേഷൻ ചുവടെ ചേർത്തിരിക്കുന്ന പുതിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. സ്വയം തൊഴിൽ വായ്പാ പദ്ധതി (കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ച്).
2. ലഘു വായ്പാപദ്ധതി (സന്നദ്ധ സംഘടനകൾ വഴി നടപ്പിലാക്കുന്നു).
3. സർക്കാർ-അർദ്ധസർക്കാർ ജീവനക്കാർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ.
4. വിദേശ വിദ്യാഭ്യാസ വായ്പ.
5. സർക്കാർ-അർദ്ധസർക്കാർ ജീവനക്കാർക്കുള്ള ഭവന പുനരുദ്ധാരണ വായ്പ.
6. ഇൻസ്റ്റിറ്റ്യൂട്ട്/ഫ്രാൻചൈസ് ഡവലപ്പ്മെന്റ് വായ്പ.

(സി) ആന്റ് (ഡി) ലഘുവായ്പാ പദ്ധതിപ്രകാരം ചില സംഘടനകൾക്കും സ്ഥാപനങ്ങൾക്കും വായ്പ അനുവദിച്ചത്, കണക്കുകൾ തയ്യാറാക്കുന്നതിലെ കാലതാമസം, ടെലിഫോൺ ദുരുപയോഗം തുടങ്ങിയ ചില കാര്യങ്ങൾ സംബന്ധിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം ന്യൂനതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.